പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1537 13.07.2011-ൽ മറുപടിയ്ക്ക്

റാന്നി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതികൾ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) റാന്നി നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളായ കോട്ടാങ്ങൽ, എഴുമറ്റൂർ, കൊറ്റനാട്, അയിരൂർ, ചെറുകോൽ, വടശ്ശേരിക്കര, പെരുനാട്, നാറാണംമൂഴി, വെച്ചൂച്ചിറ, പഴവങ്ങാടി, റാന്നി, അങ്ങാടി എന്നിവിടങ്ങളിൽ കെ. എസ്. ഇ. ബി. നടപ്പാക്കിവരുന്ന വോൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതികൾ ഏതൊക്കെ എന്നും പദ്ധതിയുടെ പേരും, തുകയും ഇലക്ട്രിക്കൽ സെക്ഷനും തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) & (ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഓരോ പ്രവർത്തിക്കും നൽകിയ ഭരണാനുമതി, തുക, നിർമ്മാണ പുരോഗതി എന്നിവ വ്യക്തമാക്കാമോ ; നിർമ്മാണം പൂർത്തിയാക്കിയ വേൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതിയിൽ ഇനിയും കമ്മീഷൻ ചെയ്യാത്തവ ഏതൊക്കെയെന്ന് ഇലക്ട്രിക്കൽ സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ ; ഇവയുടെ കമ്മീഷനിംഗ് വൈകുന്നതിൻെറ കാരണം വിശദമാക്കാമോ ; നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികളിൽ പി. ടി. സി. സി. ലഭിക്കാത്ത ഓരോ പദ്ധതിക്കും അനുമതി ലഭിക്കുന്ന | |

ത്തിനായി കെ. എസ്. ഇ. ബി സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ;

(സി) റാന്നി നിയോജകമണ്ഡലത്തിലെ പെരിന്തേനരുവി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ടെൻഡർ ചെയ്തിട്ടുണ്ടോ ; ഈ പദ്ധതിയുടെ നിർമ്മാണ ചെലവ് അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ ; എങ്കിൽ ഇതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(സി) ഉണ്ട്. ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 6 MW ഉം പ്രതിവർഷ ഉല്പാദന ശേഷി 25.77 ദശലക്ഷയൂണിറ്റും ആണ്. ഈ പദ്ധതിയുടെ സിവിൽ ജോലികളുടെ കരാർ 34.83 കോടി രൂപയ്ക്ക് പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ഇലക്ട്രോമെക്കാനിക്കൽ ജോലികളുടെ കരാർ ഫ്ളോവൽ മെക്കാനിഡി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് 13.34 കോടി രൂപയ്ക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് വനം വകുപ്പിന്റെ കൂടി അനുമതി ആവശ്യമുണ്ട്. പദ്ധതിയ്ക്ക് 6.72 Ha വനഭൂമി ആവശ്യമുണ്ട്. 04-08- 2008 ൽ ഇതിന്റെ ഒന്നാംഘട്ട അനുമതി കിട്ടി. ഒന്നാംഘട്ട അനുമതിയിൽ പറഞ്ഞിട്ടുള്ള എല്ലാ നിബന്ധനകളും ബോർഡ് പാലിച്ചിട്ടുണ്ട്. 6.72 Ha വനഭൂമിയ്ക്ക് പകരമായി കോഴിക്കോട് ജില്ലയിൽ പകരം ഭൂമി ഏറ്റെടുത്ത് വനം വകുപ്പിന് നൽകിയിട്ടുണ്ട്. രണ്ടാംഘട്ട അനുമതി MoE & F ന്റെ ബാംഗ്ലൂർ ഓഫീസിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

[illegible]

സെക്ഷൻ ഓഫീസർ.